(ഡി) തിരുവനന്തപുരം ജില്ലയിലെ മലവേടൻമാർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റും ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഗിരിജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഇവർക്കു ലഭിക്കുന്നില്ലെങ്കിൽ അതു നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1971-ലെ സെൻസസ് പ്രകാരം 1258. (പട്ടികവർഗ്ഗക്കാരുടെ സമുദായം തിരിച്ചുള്ള 1981-ലെ കണക്ക് ഇനിയും തയ്യാറായിട്ടില്ല).

(ബി)

ജില്ലയുടെ പേര്	ജനസംഖ്യ
തിരുവനന്തപുരം	67
കൊല്ലം	947
ആലപ്പുഴ	23
കോട്ടയം	142
എറണാകുളം	7
പാലക്കാട്	72

(സി) പട്ടികവർഗ്ഗക്കാരായി അംഗീകരിച്ചിട്ടുണ്ട്.

(ഡി ആൻറ് ഇ) നെയ്യാറിൻകര താലൂക്കിലെ കുളിക്കാട് പഞ്ചായത്തിൽപ്പെട്ട മലവേടരെന്ന് അവകാശപ്പെടുന്ന ഒരു വിഭാഗക്കാരിൽ നിന്ന് ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവർ മലവേടരാണോ എന്ന് സംശയമുള്ളതിനാൽ ഇവരുടെ ജാതിയെ സംബന്ധിച്ച് നരവംശശാസ്ത്രപരമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിർട്ടാഡ്സിനെ ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇവർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി, ഇവരുടെ ജാതിയെ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതുവരെ, എസ്. എസ്. എൽ. സി. ബുക്കിലോ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലോ ജാതിപ്പേര് "മലവേടൻ"/"മലവേടർ" എന്ന് യാതൊരു തിരുത്തലും കൂടാതെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവരുടെ കാര്യത്തിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടർന്നും നൽകാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

അവശ ക്രൈസ്തവ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ്

1508. [2262] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ ക്രൈസ്തവ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാം ;

(ബി) കോർപ്പറേഷന് ഒരു ഫുൾടൈം മാനേജിംഗ് ഡയറക്ടർ ഉണ്ടോ ;

(സി) കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഒരു ഫുൾടൈം മാനേജിംഗ് ഡയറക്ടറെ നിയമിക്കുവാൻ ഉദ്ദേശ്യമുണ്ടാകുമോ ?

ഉത്തരം

(എ) അവശ ക്രൈസ്തവ വികസന കോർപ്പറേഷന്റെ 19-8-1985-ൽ രൂപീകരിച്ച ഡയറക്ടർ ബോർഡിന്റെ കാലാവധി 18-8-1986-ൽ തീർന്നു. ഇപ്പോൾ ഡയറക്ടർ ബോർഡ് നിലവിലില്ല. പുതിയ ഡയറക്ടർ ബോർഡ് രൂപീകരിക്കാൻ നടപടികളെടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഈ കാര്യം പരിഗണിക്കുന്നതാണ്.

പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കെതിരെ കൊലപാതകങ്ങളും മർദ്ദനങ്ങളും

1509. [2263] ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെ കൊലപാതകങ്ങളും മർദ്ദനങ്ങളും വർദ്ധിച്ചിട്ടുണ്ടോ ;

(ബി) പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ നേരെയുണ്ടാകുന്ന മർദ്ദനങ്ങളെ ഫലപ്രദമായി നേരിടാൻ എന്തെങ്കിലും പുതിയ സംവിധാനം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുനേരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച് ഉള്ള കേസുകൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിലേക്കായി പോലീസ് വകുപ്പിൽ ഇപ്പോൾ തന്നെ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി പോലീസ് ഹെഡ് കാർട്ടേഴ്സിൽ പോലീസ് ഐ. ജി. (പി. സി. ആർ.) യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെ ആഭ്യന്തരവകുപ്പിൽ ഹരിജനങ്ങൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ കൈകാര്യം ചെയ്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ഒരു സ്പെഷ്യൽ സെൽ നിലവിലുണ്ട്.

ബലാൽസംഗത്തിനു വിധേയരാകുന്നവർക്കുള്ള ധനസഹായം നൽകുന്ന ഗവൺമെൻറ് ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം

1510. [2264) ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബലാൽസംഗത്തിനു വിധേയരാകുന്ന പട്ടികജാതി പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 5000 രൂപ ധനസഹായം നൽകുവാനുള്ള തീരുമാനം അടങ്ങിയ ജി. ഒ. പിൻവലിക്കണമെന്നും ഹരിജൻ സംഘടനകളും മഹിളാ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) അത് പിൻവലിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) പട്ടികജാതിക്കാരെ രണ്ടാംതരം പൗരൻമാരായി കാണുന്നതുകൊണ്ടാണ് പ്രസ്തുത ജി. ഒ. പിൻവലിക്കാത്തതെന്ന ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ജി. ഒ. പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly